"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - വ്യക്തിഗത പരിപാലന പദ്ധതിക്കായി (ICP) 2025-2026 വർഷത്തേക്ക് തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.27/2026/SJD തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. സാമൂഹ്യനീതി ഡയറക്ടറുടെ 16/12/2025 ലെ SJD/3116/2023-D3 നമ്പർ കത്ത്.
2. 16/12/2025 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ഭിന്നശേഷിക്കാരിൽ RPWD Act 2016 പ്രകാരം ബെഞ്ച് മാർക്ക് ഡിസെബിലിറ്റിയായ 40 ശതമാനവും അതിന് മുകളിലും ഭിന്നശേഷിത്വം ഉള്ളവരുടെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ-തൊഴിൽമേഖലകളുമായി ബന്ധപെട്ട വ്യക്തിഗത വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വ്യക്തിഗതപരിപാലന പദ്ധതി (Individual care plan) തയ്യാറാക്കുന്നതിനായി ഒരു പ്രൊപ്പോസൽ പരാമർശം (1) കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത പരിപാലനപദ്ധതിയുടെ ഭാഗമായ സോഫ്റ്റ്‌വെയർ നിർമ്മാണവുമായി ബന്ധപ്പെട്ട് Information Kerala Mission (IKM)-ന് നൽകാനുള്ള 8,61,400/- രൂപയും MIROX Cyber Security &Technologies pvt Ltd. നു നൽകാനുള്ള 1,15,050/- രൂപയും സോഫ്റ്റ്‌വെയർ അപ്ഡേഷനുള്ള 25 ലക്ഷം രൂപയും മറ്റു ചെലവുകൾക്കായി 5,00,000 രൂപയും ഉൾപ്പെടെ ആകെ 39,76,450/- രൂപ (മുപ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തിയാറായിരത്തി നാന്നൂറ്റി അമ്പത് രൂപ മാത്രം) നടപ്പു വർഷം 2235-60-200-83(പി) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 15 കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. വ്യക്തിഗതപരിപാലന പദ്ധതിയുടെ Updation ചെയ്യുന്ന പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെട്ട തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | IKM SECOND INSTALLMENT | 8,61,400/- |
| 2 | MIROX Cyber Security &Technologies pvt ltd | 1,15,050/- |
| 3 | Software updation and security testing | 25,00,000/- |
| 4 | Miscellaneous | 5,00,000 |
| | TOTAL | 39,76,450/- |

3. പരാമർശം (2) പ്രകാരം 16.12.2025 ൽ നടന്ന വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗത്തിൽ ഇനം നമ്പർ 16 ആയി ഈ വിഷയം പരിഗണിക്കുകയും, 2025-2026 വർഷത്തേക്ക് 39,76,450 രൂപ നടപ്പു സാമ്പത്തിക വർഷത്തെ സാമൂഹ്യനീതി ഡയറക്ടേറ്റിന്റെ 2235-60-200-83 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വ്യക്തിഗത പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് 2025-2026 വർഷത്തേക്ക് 39,76,450 /-രൂപ (മുപ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തിയാറായിരത്തി നാന്നൂറ്റി അമ്പത് രൂപ മാത്രം)നടപ്പു സാമ്പത്തിക വർഷത്തെ സാമൂഹ്യനീതി ഡയറക്ടറുടെ 2235-60-200-83 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ജി & എസ്. എസ്. എ) കേരള , തിരുവനന്തപുരം.
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jasmine Thomas
Date: 24-01-2026 15:30:05